LIBRARY ARCHIVES Kerala Legislative Assembly

ലാസ്റ്റ് ഗ്രേഡ് (കാസർഗോഡ് ജില്ല) പി.എസ്.സി. റാങ്ക് ലിസ്റ്റ്

34 [1610] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര പേർ പ്രസ്തുത റാങ്ക് ലിസ്റ്റിലുണ്ടെന്നും എത്ര പേർക്ക് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകിയെന്നും വിശദമാക്കാമോ;

(സി) ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഇതിൽ എത്ര തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

"സംസ്കൃത സർവകലാശാലയിലെ നിയമന പരീക്ഷയെ സംബന്ധിച്ച വിജിലൻസ് അന്വേഷണം"

35 [1611] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സംസ്കൃത യൂണിവേഴ്സിറ്റിയിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി ഐ.എം.ജി. നടത്തിയ എഴുത്തുപരീക്ഷയിൽ ക്രമക്കേടുള്ളതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഐ.എം.ജി. നടത്തിയ പ്രസ്തുത പരീക്ഷയിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടില്ല.

(സി) ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ സർവകലാശാലയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.